## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2026 — 19.06.2012- ലെ മറുപടിക്ക്

### സഹകരണമേഖലയിൽ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം** — **മറുപടി**

ശ്രീ. എം. ഹംസ :

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) സഹകരണമേഖലയിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാത്ത ഏതെങ്കിലും സഹകരണ/അർബൻ, സർവ്വീസ് ബാങ്കുകൾ നിലവിലുണ്ടോ;

എ) സഹകരണമേഖലയിൽ കമ്പ്യൂട്ടർവൽക്കരണം നടത്താത്ത സർവ്വീസ് സഹകരണ ബാങ്കുകളും എംപ്ലോയീസ് ക്രഡിറ്റ് സഹകരണ സംഘങ്ങളും നിലവിലുണ്ട്. കമ്പ്യൂട്ടർവൽക്കരണം നടത്താത്ത സർവ്വീസ് സഹകരണ ബാങ്കുകളുടെയും എംപ്ലോയീസ് സഹകരണ സംഘങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അർബൻ സഹകരണ ബാങ്ക്(കമ്പ്യൂട്ടർവൽക്കരണം നടത്താത്തവ) | കമ്പ്യൂട്ടർവൽക്കരണം നടത്താത്ത സർവ്വീസ് സഹകരണ ബാങ്കുകളുടെ എണ്ണം | കമ്പ്യൂട്ടർവൽക്കരണം നടത്താത്ത എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 1 | 43 | 86 |
| കൊല്ലം | - | 20 | 27 |
| പത്തനംതിട്ട | - | 37 | 30 |
| ആലപ്പുഴ | - | 76 | 52 |
| കോട്ടയം | - | 4 | 38 |
| ഇടുക്കി | - | 7 | 17 |
| എറണാകുളം | 1 | 13 | 50 |
| തൃശ്ശൂർ | - | 14 | 38 |
| മലപ്പുറം | 1 | 8 | 15 |

| | | | |
|---|---|---|---|
| പാലക്കാട് | - | 5 | 28 |
| കോഴിക്കോട് | - | 5 | 23 |
| കണ്ണൂർ | 1 | 15 | 46 |
| വയനാട് | - | 7 | 15 |
| കാസർഗോഡ് | - | 6 | 21 |

ബി) ഭൂരിപക്ഷം സർവ്വീസ് സഹകരണ ബാങ്കുകളും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇൻഫർമേഷൻ സിസ്റ്റം ഓഡിറ്റിങ്ങ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ശ്രദ്ധയിലുണ്ടോ ;

ബി) കമ്പ്യൂട്ടറൈസ് ചെയ്ത ചില സഹകരണ ബാങ്കുകളിൽ ഇപ്പോൾ സിസ്റ്റം ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടില്ല.

സി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിർബന്ധമാക്കത്തക്ക രീതിയിലുള്ള നിയമങ്ങൾ ഇന്ന് നിലവിലുണ്ടോ ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

സി) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിർബന്ധമാക്കത്തക്ക രീതിയിലുള്ള നിയമങ്ങൾ സംസ്ഥാനത്തിൽ നിലവിലില്ല. ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഡി) ഇൻഫർമേഷൻ സിസ്റ്റം ആഡിറ്റിങ്ങ് നടപ്പിലാക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; ഇതിനനുസരിച്ച് ആഡിറ്റ് മാന്വൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ?

ഡി) കമ്പ്യൂട്ടറൈസ് ചെയ്ത ചില സഹകരണ ബാങ്കുകൾക്ക് ഇൻഫർമേഷൻ സിസ്റ്റം ആഡിറ്റിംഗ് സംവിധാനമുള്ള സോഫ്റ്റ്‌വെയർ ഉണ്ട്. ഇൻഫർമേഷൻ സിസ്റ്റം ആഡിറ്റിംഗ് ഉൾപ്പെടുത്തി മാന്വൽ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**